# കേരള സർവകലാശാല

നം.പി.ആർ.172/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ പി.ജി പ്രവേശനം
### തീയതി നീട്ടി

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഒന്നാം വർഷ പി.ജി പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുവാനുള്ള തീയതി ആഗസ്റ്റ് 13 വരെ നീട്ടിയിരിക്കുന്നു. ആഗസ്റ്റ് 13 വരെ സ്പോർട്സ്, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കും ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### പി.എച്ച്.ഡി നൽകി

വിനീത മോഹൻ, ജയപ്രഭ ജെ.എസ് (ബയോടെക്നോളജി), സബീന ബീവി. കെ (എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി), സരിത ജി (ഇംഗ്ലീഷ്), മഞ്ജു പി.റ്റി (ഹിന്ദി), നിത്യ പ്രേം എസ്.ആർ, രശ്മി എസ്, ശ്രീജ എസ്.ആർ, സജീന എസ്, സംഗീത എൻ.ആർ, വില്യം യാറ്റോർ കീബോവെൻ (William Yator Kibowen) ധന്യ സി.എസ് (എഡ്യൂക്കേഷൻ), സുരേഷ് ജെ (ഹിസ്റ്ററി), മെറ്റിൽഡ തോമസ് (ഫിസിക്കൽ എഡ്യൂക്കേഷൻ), രമ്യ കൃഷ്ണൻ ജി.ആർ, ശ്രീ. ഗിരീഷ് എസ്.കെ, റിങ്കു ബാബു എൻ. വി (കൊമേഴ്സ്), ജയരാജ് കെ (ഫിലോസഫി), സാനി.എസ്, സുഷ ഡി, എ.ജി ബൈജു, (മാനേജ്മെന്റ് സ്റ്റഡീസ്), രശ്മി കൃഷ്ണൻ ആർ (ഒപ്റ്റോ ഇലക്ട്രോണിക്സ്), രവീന്ദ്രൻ എം (ബോട്ടണി), ബീന കെ, പ്രിയ വി, സജിത ബി.എൽ (മലയാളം), അഞ്ജന പി.ദാസ് (കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്)

### തീയതി നീട്ടി

രാജാ രവി വർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിലേക്ക് മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് 2018-19 വർഷത്തേക്ക് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 18 ലേക്ക് നീട്ടിയിരിക്കുന്നു.

| | |
|---|---|
| പ്രവേശന പരീക്ഷ | സെപ്റ്റംബർ 3 |
| അഭിമുഖം | സെപ്റ്റംബർ 10 |
| ക്ലാസുകൾ ആരംഭിക്കുന്ന തീയതി | സെപ്റ്റംബർ 24 |

ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിൽ എം.പി.ഇ ഡിഗ്രിക്കും പി.ജി.ഡി.എച്ച്.എഫ്.എം കോഴ്സിനുമുള്ള അഡ്മിഷന്റെ ഷെഡ്യൂൾ പുനക്രമീകരിച്ചിരിക്കുന്നു.

| | |
|---|---|
| റാങ്ക് ലിസ്റ്റ് തയ്യാറാക്കാനുള്ള തീയതി | ആഗസ്റ്റ് 3 |
| റാങ്ക് ലിസ്റ്റ് യൂണിവേഴ്സിറ്റിക്ക് നൽകാനുള്ള തീയതി | ആഗസ്റ്റ് 4 |
| ക്ലാസ് തുടങ്ങുന്ന തീയതി | ആഗസ്റ്റ് 8 |
| അഡ്മിഷൻ അവസാനിക്കുന്ന തീയതി | ആഗസ്റ്റ് 20 |

## അപേക്ഷ ക്ഷണിച്ചു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (മോർണിംഗ് ബാച്ച്) കോഴ്സിന് ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി വിജയം, കോഴ്സ് കാലാവധി: മൂന്ന് മാസം, സമയം: 7 AM മുതൽ 9 AMവരെ, ഫീസ്: 6000 രൂപ , അപേക്ഷാ ഫീസ്: 100 രൂപ, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ.

ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ കോഴ്സിന് ആഗസ്റ്റ് 14 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി വിജയം, കോഴ്സ് കാലാവധി: ആറ് മാസം, സമയം: 5 PM മുതൽ 7 PMവരെ, ഫീസ്: 15000 രൂപ , അപേക്ഷാ ഫീസ്: 100 രൂപ, ക്ലാസ്: തിങ്കൾ മുതൽ വെള്ളി വരെ. അപേക്ഷാ ഫോറങ്ങൾക്കും വിശദവിവരങ്ങൾക്കും പി.എം.ജി യിലെ CACEE കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471–2302523.

## പരീക്ഷാഫലം

എം.എഫ്.എ (പെയിന്റിംഗ് & സ്കൽപ്പ്ച്ചർ) 2017 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ, 2018 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 29 വരെ അപേക്ഷിക്കാം.

2018 മേയിൽ നടത്തിയ മൂന്നാം വർഷ ബി.കോം ഡിഗ്രി ആന്വൽ പാർട്ട് III പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം.

## സൂക്ഷ്മപരിശോധന

2017 ഡിസംബറിൽ നടത്തിയ ബി.എ (സി.ബി.സി.എസ്.എസ്) അഞ്ചാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ V സെക്ഷനിൽ ജൂലൈ 30 മുതൽ ആഗസ്റ്റ് 4 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2018
## പുതുതായി ആരംഭിക്കുന്ന യു.ഐ.റ്റികളിലെ സ്പോട്ട് അഡ്മിഷൻ
## ജൂലൈ 31–ന്

പുതുതായി ആരംഭിക്കുന്ന ആറു യു.ഐ.റ്റികളിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ജൂലൈ 31–ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. പരവൂർ(ചാത്തന്നൂർ)–(ആയിരവല്ലി യു.പി.എസ്. പരവൂർ)–ൽ ബി.കോം വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.ബി.എ എന്നീ കോഴ്സുകളിലും, അരൂർ (ഗവ. ഹൈസ്ക്കൂൾ അരൂർ) ബി.എസ് സി ഫിസിക്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് എന്നീ കോഴ്സുകളും,

ഭരണിക്കാവ് (കായംകുളം)(പള്ളിക്കൽ ഗവ. മോഡൽ യു.പി സ്കൂൾ മൂന്നാംകുറ്റി)–ൽ ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് ബി.ബി.എ എന്നീ കോഴ്സുകളും,ചെങ്ങന്നൂർ (ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ,മുളക്കുഴ) ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ്, ബി.ബി.എ എന്നീ കോഴ്സുകളും, കഴക്കൂട്ടം (ഉതിയാറുമൂല എൽ.പി.എസ്, വാഴവിള കാട്ടായിക്കോണം) ബി.കോം. ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ്, ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് എന്നീ കോഴ്സുകളും, വർക്കല (ഷബാന ബിൽഡിംഗ് ,ബി.എസ്.എൻ .എൽ ഓഫീസിന് സമീപം, പള്ളിക്കൽ) ബി.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബി.കോം ടാക്സ് പ്രൊസീഡ്യുവർ ആന്റ് പ്രാക്ടീസ് എന്നീ കോഴ്സുകളും അനുവദിച്ചിരിക്കുന്നു.മേൽ പറഞ്ഞ ഓരോ കോഴ്സിനും 40 സീറ്റുകൾ വീതം അനുവദിക്കപ്പെട്ടിട്ടുണ്ട്.

പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ജൂലൈ 31–ാം തീയതി രാവിലെ 10 മണിക്ക് മേൽ പറഞ്ഞ സ്ഥലങ്ങളിൽ സ്പോട്ട് അഡ്മിഷനു വേണ്ടി എത്തിച്ചേരണമെന്നറിയിക്കുന്നു. അസ്സൽ സർട്ടിഫിക്കറ്റുകളും ടി.സിയും ഹാജരാക്കേണ്ടതാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 840/ രൂപയും, ജനറൽ/മറ്റു സംവരണ വിഭാഗങ്ങൾക്ക് 1525/– രൂപയുമാണ് സർവകലാശാല ഫീസ്.

ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായ 350/– രൂപയും (എസ്.സി./എസ്. ടി വിഭാഗം 150/– രൂപ) കൊണ്ടുവരേണ്ടതാണ്.
നിശ്ചിത യു. ഐ.റ്റികളിൽ ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതാണ്. സർവകലാശാലയിലേയ്ക്ക് അപേക്ഷ അയക്കേണ്ടതില്ല.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

**തിരുവനന്തപുരം.**
**30.07.2018**



**പബ്ലിക് റിലേഷൻസ് ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**